**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** **04-02-2026 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി കെ. കെ. രമ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശാരീരിക വൈകല്യമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, സെറിബ്രൽ പാൾസി ബാധിച്ചവർ, ബുദ്ധിമാന്ദ്യമുള്ളവർ എന്നിവരെ പരിചരിക്കുന്നവർക്കായി ആശ്വാസ കിരണം പദ്ധതി മുഖേന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്.ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള അമ്പതു കോടി രൂപയിൽ നിന്നും ആദ്യ ഗഡുവായി അനുവദിച്ച പതിനേഴ കോടി അമ്പതു ലക്ഷം രൂപ വിനിയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച അർഹരായ 24,591 ഗുണഭോക്താക്കൾക്ക് 2025 നവംബർ മാസം വരെയുള്ള ധനസഹായമായി ആകെ 16,11,17,550 രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. 2025ഡിസംബർ , 2026 ജനുവരി മാസങ്ങളിലെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കുടിശികയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള അമ്പതു കോടി രൂപയിൽ നിന്നും ആദ്യ ഗഡുവായി അനുവദിച്ച പതിനേഴ കോടി അമ്പതു ലക്ഷം രൂപ വിനിയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച അർഹരായ 24,591 ഗുണഭോക്താക്കൾക്ക് 2025 നവംബർ മാസം വരെയുള്ള ധനസഹായമായി ആകെ 16,11,17,550 രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. 2025ഡിസംബർ , 2026 ജനുവരി മാസങ്ങളിലെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നിലവിൽ വിതരണം ചെയ്യുന്ന തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എന്ന് മുതൽ വർദ്ധിപ്പിച്ച തുക നൽകാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | ആശ്വാസകിരണം പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായത്തുക വർദ്ധിപ്പിക്കണമെന്ന സാമൂഹ്യനീതി വകുപ്പിന്റെ ശിപാർശ പ്രകാരം നിലവിലെ ധനസഹായത്തുകയായ 600 രൂപ 1000 രൂപയായി വർദ്ധിപ്പിക്കുമെന്ന് 2026-2027 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ബഹു.ധനമന്ത്രി |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും പ്രഖ്യാപനത്തിലുണ്ട്. |

സെക്ഷൻ ഓഫീസർ